SANSCO SERVICES - Annual Reports Library Services -

വിശ്വാസ്യതയുടെയും പാരമ്പര്യത്തിന്റെയും
സാങ്കേതികമികവിന്റെയും സുവർണ്ണനൂലുകൾ
കോർത്തിണക്കി ഉയർച്ചയിലേയ്ക്ക്.

विश्वास, परम्परा एवं प्रौद्योगिकी
के सुनहरे धागों से
जुड़कर पहुँच रहे हैं।

REACHING OUT, CONNECTING WITH
GOLDEN THREADS OF
TRUST, TRADITION AND TECHNOLOGY.

Report Junction.com

SBT

സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂർ
स्टेट बैंक ऑफ़ त्रावणकोर
STATE BANK OF TRAVANCORE

വാർഷിക റിപ്പോർട്ട്
वार्षिक रिपोर्ट
# Annual Report

2005-2006

www.reportjunction.com

SANSCO SERVICES - Annual Reports Library Services - www.sansco.net



കസവുമുണ്ടിലെ ഊടും പാവും പോലെയാണ് കേരളീയരുടെ ജീവിതത്തിൽ എസ്.ബി.ടി. ആറു ദശാബ്ദങ്ങളിലേറെയായി നാം നമ്മുടെ ഇടപാടുകാർക്ക് സംതൃപ്തമായ ബാങ്കിംഗ് സേവനം നൽകിവരുന്നു. വിശ്വാസം, പാരമ്പര്യം, സാങ്കേതിക വിദ്യ എന്നിവയാണ് ഞങ്ങളുടെ എല്ലാ സേവനങ്ങളുടെയും ആധാരശിലകൾ. കേരളീയരുമായി നമുക്കുള്ള ബന്ധം കസവുമുണ്ട് പോലെ കാലാതീതമാണ്.

जैसे सुनहरी धोती गहन धागों से बुनी हुई है वैसे ही केरलवासियों के जीवन में एस बी टी । छः दशकों से अधिक हमने अपने ग्राहकों को संतोषजनक बैंकिंग अनुभव प्रदान किए हैं। हमारी सभी सेवाएँ विश्वास, परम्परा एवं प्रौद्योगिकी के स्तम्भों पर आधारित हैं। सुनहरी धोती की तरह हमारा बंधन केरलवासियों के साथ कालातीत है ।

Like the intricately woven threads of the Kasavu Mundu, SBT has woven itself into the lives of Keralites. For over six decades, we have given our customers a satisfying banking experience. All our services have rested on the pillars of Trust, Tradition and Technology. And just like the Kasavu Mundu, our bond with Keralites is timeless.

www.reportjunction.com

SANSCO SERVICES - Annual Reports Library Services - www.sansco.net

## ദൗത്യം

സ്വന്തം പാരമ്പര്യം നിലനിർത്തിക്കൊണ്ട് ലാഭസാദ്ധ്യത, കാര്യക്ഷമത, ടെക്നോളജി എന്നിവയുടെ ഉൽകൃഷ്ടമായ മാനദണ്ഡങ്ങളിലൂടെ ഇടപാടുകാർ, ഓഹരിയുടമകൾ, ജീവനക്കാർ എന്നിവർക്ക് സംതൃപ്തി നൽകുന്ന മികച്ച സേവനം നൽകുന്നതിനായി പ്രതിബദ്ധതയോടെ സമൂഹത്തിന് ആകമാനമുള്ള സേവനം തുടർന്നുകൊണ്ട് അഖിലേന്ത്യാ തലം കൈവരിക്കാനുള്ള തീവ്രമായ അഭിലാഷത്തോടെ കേരളത്തിലെ പ്രീമിയർ ബാങ്കായി തുടരുക.

## दौत्य

अपनी परम्पराओं को कायम रखते हुए, लाभप्रदता, कार्यक्षमता, प्रणालियों एवं प्रौद्योगिकी के उत्कृष्ट मानदंडों से ग्राहक, शेयरधारक एवं कर्मचारियों की सन्तुष्टि हेतु सर्वोत्तम सेवा प्रदान करने की वचनबद्धता के साथ समस्त समुदाय के प्रति सेवा को जारी रखते हुए अखिल भारतीय स्तर को प्राप्त करने की आकांक्षा से युक्त केरल का प्रमुख बैंक।

## The Mission

The premier bank of Kerala, aspiring to achieve all India stature with the best parameters in profitability, efficiency, systems and technology by carrying on its traditions with commitment to excellence in customer, shareholder and employee satisfaction while continuing to serve the community at large.



www.reportjunction.com

SANSCO SERVICES - Annual Reports Library Services - www.sansco.net

## ഉള്ളടക്കം

4. ഓഹരിയുടമകൾക്കുള്ള നോട്ടീസ്
5. ഡയറക്ടർ ബോർഡ്
8. ഡയറക്ടർ ബോർഡിന്റെ റിപ്പോർട്ട്
63. ബാലൻസ് ഷീറ്റ്
64. ലാഭനഷ്ടക്കണക്ക്
67. അക്കൗണ്ടുകളുടെ ഷെഡ്യൂളുകൾ
117. പ്രധാനപ്പെട്ട കണക്കെഴുത്ത് നയങ്ങൾ - 2005-06
129. ഓഡിറ്റർമാരുടെ റിപ്പോർട്ട്
133. കോർപ്പറേറ്റ് ഭരണമൂല്യങ്ങളെക്കുറിച്ചുള്ള റിപ്പോർട്ട്
139. കോർപ്പറേറ്റ് ഭരണമൂല്യങ്ങളിന്മേലുള്ള ഓഡിറ്റർമാരുടെ സർട്ടിഫിക്കറ്റ്
154. മാനേജ്മെന്റ് കമ്മിറ്റി
155. കഴിഞ്ഞ മൂന്ന് വർഷങ്ങൾ...
156. ദശാബ്ദങ്ങളിലൂടെയുള്ള വളർച്ച...

## विषय-सूची

4. शेयरधारियों को सूचना
6. निदेशक बोर्ड
29. निदेशक बोर्ड की रिपोर्ट
63. तुलन-पत्र
64. लाभ-हानि लेखा
67. लेखों की अनुसूचियाँ
121. उल्लेखनीय लेखा नीतियाँ - 2005-06
131. लेखा परीक्षकों की रिपोर्ट
140. कॉरपोरेट नियंत्रण पर रिपोर्ट
146. कॉरपोरेट नियंत्रण पर लेखा परीक्षकों का प्रमाण पत्र
154. प्रबंधन समिति
155. पिछले तीन वर्ष...
156. उत्कर्ष का सोपान...

reportjunction.com

## CONTENTS

4. Notice to Shareholders
6. Board of Directors
45. Report of the Board of Directors
63. Balance Sheet
64. Profit and Loss Account
67. Schedules to Accounts
125. Significant Accounting Policies 2005-06
132. Auditors' Report
147. Report on Corporate Governance
153. Auditors' Certificate on Corporate Governance
154. Management Committee
155. The last three years...
156. Our growth through the decades...



www.reportjunction.com

SANSCO SERVICES - Annual Reports Library Services - www.sansco.net

# സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂർ

(സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയുടെ അസോസിയേറ്റ്)

ഹെഡ് ഓഫീസ്: തിരുവനന്തപുരം

## നോട്ടീസ്

സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂർ ഓഹരിയുടമകളുടെ നാൽപത്തിയാറാമത് വാർഷിക പൊതുയോഗം എ.കെ.ജി. മെമ്മോറിയൽ ഹാൾ, ഗ്യാസ് ഹൗസ് ജംഗ്ഷൻ, പാളയം, തിരുവനന്തപുരം - 695 034 ൽ 2006 മെയ് 25-ാം തീയതി വ്യാഴാഴ്ച പകൽ 10.00 മണിക്ക് (സ്റ്റാന്റേർഡ് സമയം) താഴെ പറയുന്ന കാര്യത്തിനായി സമ്മേളിക്കുന്നു:

"2006 മാർച്ച് 31 ന് അവസാനിക്കുന്ന കാലയളവിലെ ഡയറക്ടർ ബോർഡിന്റെ റിപ്പോർട്ട്, ബാങ്കിന്റെ ആസ്തി ബാധ്യതാ പത്രം, ലാഭനഷ്ടക്കണക്കുകൾ, ആസ്തിബാധ്യതാ പത്രത്തെയും കണക്കുകളെയും സംബന്ധിച്ച ഓഡിറ്റർമാരുടെ റിപ്പോർട്ട് എന്നിവ സ്വീകരിക്കുക."

തിരുവനന്തപുരം
17 ഏപ്രിൽ 2006

ഓം പ്രകാശ് ഭട്ട്
മാനേജിംഗ് ഡയറക്ടർ

# स्टेट बैंक ऑफ़ त्रावणकोर

(भारतीय स्टेट बैंक का सहयोगी)

प्रधान कार्यालयः तिरुवनन्तपुरम

## सूचना

स्टेट बैंक ऑफ़ त्रावणकोर के शेयरधारियों की छियालसवीं वार्षिक सामान्य बैठक ए. के. जी. मेमोरियल हाल, गैस हाऊस जंक्शन, पालयम, तिरुवनन्तपुरम-695 034 में गुरुवार, दिनांक 25 मई 2006 को पूर्वाह्न 10.00 बजे (मानक समय) निम्नलिखित कार्य हेतु संपन्न होगी:

"31 मार्च 2006 को समाप्त अवधि के लिए निदेशक बोर्ड की रिपोर्ट, बैंक का तुलन पत्र एवं लाभ-हानि खाता और बैंक के तुलन पत्र एवं लेखों पर लेखा परीक्षकों की रिपोर्ट प्राप्त करना"

तिरुवनन्तपुरम
17 अप्रैल 2006

ओम प्रकाश भट्ट
प्रबन्ध निदेशक

# STATE BANK OF TRAVANCORE

(Associate of the State Bank of India)

HEAD OFFICE: THIRUVANANTHAPURAM

## NOTICE

The Forty Sixth Annual General Meeting of the Shareholders of the State Bank of Travancore will be held in the A.K.G. Memorial Hall, Gas House Junction, Palayam, Thiruvananthapuram – 695 034 on Thursday, the 25th May 2006 at 10.00 A.M. (Standard Time) to transact the following business:

"To receive the Report of the Board of Directors, the Balance Sheet and Profit and Loss Account of the Bank made upto the 31st March 2006 and the Auditors' Report on the Balance Sheet and Accounts"

Thiruvananthapuram
17th April 2006

**Om Prakash Bhatt**
Managing Director



www.reportjunction.com

SANSCO SERVICES - Annual Reports Library Services - www.sansco.net

## ഡയറക്ടർ ബോർഡ്

1959-ലെ എസ്.ബി.ഐ (ഉപാംഗ ബാങ്കുകൾ)
നിയമം വകുപ്പ് 25 ഉപവകുപ്പ് (1) ഖണ്ഡിക (a)
അനുസരിച്ച് ചെയർമാൻ
**ശ്രീ എ കെ പൂർവാർ**

---

1959-ലെ എസ്ബിഐ (ഉപാംഗ ബാങ്കുകൾ)
നിയമം വകുപ്പ് 25 ഉപവകുപ്പ് (1) ഖണ്ഡിക (aa)
അനുസരിച്ച് ഡയറക്ടർ
**ശ്രീ ഓം പ്രകാശ് ഭട്ട്** (25.04.2006 വരെ)

---

1959-ലെ എസ്.ബി.ഐ (ഉപാംഗ ബാങ്കുകൾ)
നിയമം വകുപ്പ് 25 ഉപവകുപ്പ് (1) ഖണ്ഡിക (b)
അനുസരിച്ച് ഡയറക്ടർ
**ശ്രീ ജോർജ് സ്റ്റീഫൻ**

---

1959-ലെ എസ്.ബി.ഐ (ഉപാംഗ ബാങ്കുകൾ)
നിയമം വകുപ്പ് 25 ഉപവകുപ്പ് (1) ഖണ്ഡിക (c)
അനുസരിച്ച് ഡയറക്ടർ
**ശ്രീ എസ് കെ ഹരിഹരൻ**
**ശ്രീ എം എൻ റാവു** (10.04.2006 വരെ)
**ശ്രീ ജിബൻ ഗോസ്വാമി** (17.04.2006 മുതൽ)
**ശ്രീ യശോവർധൻ സിൻഹ**
**പ്രൊഫ. വി എൻ രാജശേഖരൻ പിള്ള**
**ശ്രീ വി വിനോദ് കമ്മത്ത്**

---

1959-ലെ എസ്.ബി.ഐ (ഉപാംഗ ബാങ്കുകൾ)
നിയമം വകുപ്പ് 25 ഉപവകുപ്പ് (1) ഖണ്ഡിക (ca)
അനുസരിച്ച് ഡയറക്ടർ
**ശ്രീ സി ടി കോശി**

---

1959-ലെ എസ്.ബി.ഐ (ഉപാംഗ ബാങ്കുകൾ)
നിയമം വകുപ്പ് 25 ഉപവകുപ്പ് (1) ഖണ്ഡിക (cb)
അനുസരിച്ച് ഡയറക്ടർ
**ശ്രീ ആർ ശ്രീരാജ്**

---

1959-ലെ എസ്.ബി.ഐ (ഉപാംഗ ബാങ്കുകൾ)
നിയമം വകുപ്പ് 25 ഉപവകുപ്പ് (1) ഖണ്ഡിക (d)
അനുസരിച്ച് ഡയറക്ടർ
**ശ്രീ കെ ടി രാജഗോപാലൻ**
**ശ്രീ ടി ബാലകൃഷ്ണൻ**

---

1959-ലെ എസ്.ബി.ഐ (ഉപാംഗ ബാങ്കുകൾ)
നിയമം വകുപ്പ് 25 ഉപവകുപ്പ് (1) ഖണ്ഡിക (e)
അനുസരിച്ച് ഡയറക്ടർ
**ശ്രീ എ തോമസ്**


www.reportjunction.com

SANSCO SERVICES - Annual Reports Library Services - www.sansco.net

निदेशक बोर्ड

भारतीय स्टेट बैंक (समनुषंगी बैंक) अधिनियम, 1959 की धारा 25 की उपधारा (1) के खंड (ए) के अन्तर्गत अध्यक्ष
श्री ए के पुरवार

भारतीय स्टेट बैंक (समनुषंगी बैंक) अधिनियम, 1959 की धारा 25 की उपधारा (1) के खंड (एए) के अन्तर्गत निदेशक
श्री ओम प्रकाश भट्ट (25.04.2006 तक)

भारतीय स्टेट बैंक (समनुषंगी बैंक) अधिनियम, 1959 की धारा 25 की उपधारा (1) के खंड (बी) के अन्तर्गत निदेशक
श्री जोर्ज स्टीफन

भारतीय स्टेट बैंक (समनुषंगी बैंक) अधिनियम, 1959 की धारा 25 की उपधारा (1) के खंड (सी) के अन्तर्गत निदेशक
श्री एस के हरिहरन
श्री एम एन रॉव (10.04.2006 तक)
श्री जीबन गोस्वामी (17.04.2006 से)
श्री यशोवर्धन सिन्हा
प्रो. वी एन राजशेखरन पिल्लै
श्री वी विनोद कामत

भारतीय स्टेट बैंक (समनुषंगी बैंक) अधिनियम, 1959 की धारा 25 की उपधारा (1) खंड (सीए) के अन्तर्गत निदेशक
श्री सी टी कोशी

भारतीय स्टेट बैंक (समनुषंगी बैंक) अधिनियम, 1959 की धारा 25 की उपधारा (1) के खंड (सीबी) के अन्तर्गत निदेशक
श्री आर श्रीराज

भारतीय स्टेट बैंक (समनुषंगी बैंक) अधिनियम, 1959 की धारा 25 की उपधारा (1) के खंड (डी) के अन्तर्गत निदेशक
श्री के टी राजगोपालन
श्री टी बालकृष्णन

भारतीय स्टेट बैंक (समनुषंगी बैंक) अधिनियम, 1959 की धारा 25 की उपधारा (1) के खंड (ई) के अन्तर्गत निदेशक
श्री ए तोमस

## BOARD OF DIRECTORS

Chairman under Clause (a) of sub-section (1) of Section 25 of the State Bank of India (Subsidiary Banks) Act, 1959
Shri A K Purwar

Director under Clause (aa) of sub-section (1) of Section 25 of the State Bank of India (Subsidiary Banks) Act, 1959
Shri Om Prakash Bhatt (upto 25.04.2006)

Director under Clause (b) of sub-section (1) of Section 25 of the State Bank of India (Subsidiary Banks) Act, 1959
Shri George Stephen

Director under Clause (c) of sub-section (1) of Section 25 of the State Bank of India (Subsidiary Banks) Act, 1959
Shri S K Hariharan
Shri M N Rao (upto 10.04.2006)
Shri Jiban Goswami (w.e.f 17.04.2006)
Shri Yashovardhan Sinha
Prof. V N Rajasekharan Pillai
Shri V Vinod Kamath

Director under Clause (ca) of sub-section (1) of Section 25 of the State Bank of India (Subsidiary Banks) Act, 1959
Shri C T Koshy

Director under Clause (cb) of sub-section (1) of Section 25 of the State Bank of India (Subsidiary Banks) Act, 1959
Shri R Sreeraj

Director under Clause (d) of sub-section (1) of Section 25 of the State Bank of India (Subsidiary Banks) Act, 1959
Shri K T Rajagopalan
Shri T Balakrishnan

Director under Clause (e) of sub-section (1) of Section 25 of the State Bank of India (Subsidiary Banks) Act, 1959
Shri A Thomas


www.reportjunction.com

# ഡയറക്ടർ ബോർഡ്
# निदेशक बोर्ड
# BOARD OF DIRECTORS



ശ്രീ എ. കെ. പുർവാർ
ചെയർമാൻ
श्री ए. के. पुरवार
अध्यक्ष
Shri A. K. Purwar
Chairman



ശ്രീ ഓം പ്രകാശ് ഭട്ട്
മാനേജിംഗ് ഡയറക്ടർ
(25.04.2006 വരെ)
श्री ओम प्रकाश भट्ट
प्रबन्ध निदेशक
(25.04.2006 तक)
Shri Om Prakash Bhatt
Managing Director
(Upto 25.04.2006)



ശ്രീ എസ്. കെ. ഹരിഹരൻ
श्री एस. के. हरिहरन
Shri S.K. Hariharan



ശ്രീ ജോർജ് സ്റ്റീഫൻ
श्री जोर्ज स्टीफन
Shri George Stephen



ശ്രീ എ. തോമസ്
श्री ए. तोमस
Shri A. Thomas



ശ്രീ എം. എൻ. റാവു
(10.04.2006 വരെ)
श्री एम. एन. रॉव
(10.04.2006 तक)
Shri M.N. Rao
(Upto 10.04.2006)

ReportJunction.com



ശ്രീ ജിബൻ ഗോസ്വാമി
(17.04.2006 മുതൽ)
श्री जीबन गोस्वामी
(17.04.2006 से)
Shri Jiban Goswami
(w.e.f 17.04.2006)



ശ്രീ യശോവർധൻ സിൻഹ
श्री यशोवर्धन सिन्हा
Shri Yashovardhan Sinha



പ്രൊഫ. വി.എൻ. രാജശേഖരൻ പിള്ള
प्रो. वी. एन. राजशेखरन पिल्लै
Prof. V. N. Rajasekharan Pillai



ശ്രീ വി. വിനോദ് കമ്മത്ത്
श्री वी. विनोद कामत
Shri V. Vinod Kamath



ശ്രീ കെ.ടി. രാജഗോപാലൻ
श्री के. टी. राजगोपालन
Shri K.T. Rajagopalan



ശ്രീ ടി. ബാലകൃഷ്ണൻ
श्री टी. बालकृष्णन
Shri T. Balakrishnan



ശ്രീ ആർ. ശ്രീരാജ്
श्री आर. श्रीराज
Shri R. Sreeraj



ശ്രീ സി. ടി. കോശി
श्री सी. टी. कोशी
Shri C.T. Koshy


www.reportjunction.com

SANSCO SERVICES - Annual Reports Library Services - www.sansco.net

# 1959-ലെ സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ (ഉപാംഗ ബാങ്കുകൾ) നിയമം 43 (1) വകുപ്പ് അനുസരിച്ച് സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയ്ക്കും, റിസർവ്വ് ബാങ്ക് ഓഫ് ഇന്ത്യയ്ക്കും കേന്ദ്ര ഗവൺമെന്റിനും സമർപ്പിക്കുന്ന ഡയറക്ടർ ബോർഡിന്റെ റിപ്പോർട്ട്

റിപ്പോർട്ട് കാലയളവ്
2005 ഏപ്രിൽ 1 മുതൽ 2006 മാർച്ച് 31 വരെ

## 1. മാനേജ്മെന്റ് ചർച്ചകളും വിശകലനവും

### 1.1. ആഗോള സമ്പദ്‌വ്യവസ്ഥ

ലോകസമ്പദ്‌വ്യവസ്ഥ 2005-ൽ അതിശക്തമായ ആഘാതങ്ങളോട് ഗണ്യമായ സ്ഥിതിഗത്വം പുലർത്തുകയും 4.8% വളർച്ച കൈവരിക്കുകയും ചെയ്തു. 2006-ലും 2007-ലും ഇതേ തോതിലുള്ള വളർച്ചയുണ്ടാകുമെന്നാണ് പ്രതീക്ഷ. ആഗോള സമ്പദ്‌വ്യവസ്ഥയുടെ പ്രധാന പ്രേരകശക്തിയായി അമേരിക്കൻ സമ്പദ്‌വ്യവസ്ഥ തുടർന്നു പോകുന്നുവെങ്കിലും, ചൈനയിലെയും ഇന്ത്യയിലെയും മറ്റു ചില രാജ്യങ്ങളിലെയും അഭംഗുരമായ വളർച്ചാനിരക്ക് ലോകസമ്പദ്ഘടനയ്ക്ക് പ്രത്യാശ പകരുന്നതാണ്. ഈ വർഷം യു.എസ്. ഫെഡറൽ റിസർവ് അതിന്റെ പോളിസി നിരക്ക് 25 അടിസ്ഥാന പോയിന്റു വീതം 8 തവണ വർദ്ധിപ്പിച്ച്, 2006 മാർച്ചിൽ 4.75 ശതമാനത്തിലെത്തിച്ചു. ഇനിയും വർദ്ധനവുണ്ടാകുമെന്ന സൂചനയാണ് നൽകുന്നത്. എണ്ണവില 2003-നും 2005-നും ഇടയ്ക്ക് ഇരട്ടിയായത് ആഗോളവികസനത്തിൽ സൃഷ്ടിച്ച ആഘാതം ആഗിരണം ചെയ്യപ്പെട്ടു. അമേരിക്കയിലുണ്ടായ വിനാശകാരികളായ രണ്ടു കൊടുങ്കാറ്റുകളുടെയും മദ്ധ്യപൂർവ്വേഷ്യയിലെ സംഘർഷങ്ങളുടെയും എണ്ണ കയറ്റുമതി ചെയ്യുന്ന മറ്റു രാജ്യങ്ങളിലെ രാഷ്ട്രീയ അനിശ്ചിതത്വത്തിന്റെയും ഫലമായി എണ്ണവില അങ്ങേയറ്റം അസ്ഥിരമായിരുന്നു. സമീപഭാവിയിൽ എണ്ണവില കൂടുതൽ അസ്ഥിരമാകാനുള്ള പ്രവണതയാണു കാണുന്നത്.

### 1.2 ഇന്ത്യൻ സാമ്പത്തികരംഗം

ഇന്ത്യൻ സമ്പദ്‌വ്യവസ്ഥയുടെ പ്രകടനം പ്രതീക്ഷകളെ മറികടന്നു. കൃഷിയുടെയും അനുബന്ധ പ്രവർത്തനങ്ങളുടെയും പുനരുദ്ധാരണം കഴിഞ്ഞവർഷം 0.7% എന്ന തീരെ കുറഞ്ഞ സ്ഥിതിയിലായിരുന്നത്, 2005-06 ൽ 2.3% ആയി ഉയർന്നതിലൂടെ 7.5-8.0% ജി.ഡി.പി. വളർച്ച പ്രതീക്ഷിച്ചിരുന്ന സ്ഥാനത്ത് 2005-06 ൽ 8.10% ശതമാനം ജി.ഡി.പി. വളർച്ചയുണ്ടായി. വ്യവസായ ജന്യമായ യഥാർത്ഥ ജി.ഡി.പി.യുടെ വളർച്ച കഴിഞ്ഞ വർഷത്തെ 7.4 ശതമാനത്തിൽ നിന്ന് 2005-06 ൽ 8.0 ശതമാനമായി ഉയർന്നു. 2005-06 ൽ വ്യവസായ പ്രവർത്തനങ്ങൾ മെച്ചപ്പെടാനുള്ള മുഖ്യമായ കാരണം, വ്യവസായ വളർച്ചയുടെ നിരക്ക് കഴിഞ്ഞ വർഷത്തെ 8.1 ശതമാനത്തിൽ നിന്നും 9.4 ശതമാനമായി ഉയർന്നതാണ്. ആഭ്യന്തര ഉപയോഗത്തിനും കയറ്റുമതിക്കുമുള്ള ആവശ്യങ്ങൾ നിരന്തരം വർദ്ധിച്ചുവന്നതും, വർദ്ധിതമായ ഉല്പാദന ശേഷി കൂടുതലായി ഉപയോഗപ്പെടുത്തിയതും, വ്യവസായരംഗത്തും ഉപഭോക്താക്കളിലും വിശ്വാസ്യത നിലനിർത്തിയതുമാണ് നിർമ്മാണമേഖലയെ ശക്തമാക്കിയ ഘടകങ്ങൾ.

സേവനമേഖലയിൽ നിന്നുള്ള യഥാർത്ഥ ജി.ഡി.പി ഒരു വർഷം മുമ്പുണ്ടായിരുന്ന 10.2 ശതമാനത്തിൽനിന്ന് 2005-06 ൽ 10.1 ശതമാനമായി മാറി. മിക്കവാറും എല്ലാ ഉപമേഖലകൾക്കും ഈ ഉയർച്ചയിൽ പങ്കുണ്ട്.

വർദ്ധിച്ചവായ്പാ ആവശ്യങ്ങൾ കാരണം വർഷത്തിന്റെ രണ്ടാം പകുതിയിൽ നിലവിലുള്ള കടുത്ത ലിക്വിഡിറ്റി വ്യവസ്ഥകൾ അനുസരിച്ച് പലിശ നിരക്ക് ദൃഢമായി കൊണ്ടിരിക്കുന്ന പ്രവണതയ്ക്ക് സമ്പദ്‌വ്യവസ്ഥ സാക്ഷ്യം വഹിച്ചു.

നാണയപ്പെരുപ്പത്തെ അടിസ്ഥാനമാക്കിയുള്ള മൊത്തവില സൂചിക (WPI) 2005 ഏപ്രിൽ 23-ന് 6.0 ശതമാനമെന്ന ഏറ്റവും ഉയർന്ന നിരക്കിലെത്തിയിട്ട് 2006 മാർച്ച് അവസാനം 4.0 ശതമാനമായി.

2005-06 ൽ യു.എസ്. ഡോളറിനെതിരെ രൂപയുടെ വില കുറഞ്ഞെങ്കിലും, യൂറോ, പൗണ്ട് സ്റ്റെർലിങ്, ജാപ്പനീസ് യെൻ എന്നിവയ്ക്കെതിരെ ശക്തിയാർജ്ജിച്ചു.

ഇന്ത്യയുടെ വിദേശനാണ്യശേഖരം 2005 മാർച്ച് അവസാനം 141.5 ബില്യൻ യു.എസ്. ഡോളറായിരുന്നത് 10.1 ബില്യൻ കണ്ടു വർദ്ധിച്ച് 2006 മാർച്ച് അവസാനത്തോടെ 151.6 ബില്യൻ യു.എസ്. ഡോളറായി.

ഇന്ത്യയിലേക്കുള്ള വിദേശ പ്രത്യക്ഷ മുതൽമുടക്കുകൾ (FDI) 2004-05 വർഷത്തിലെ 5.30 ബില്യൻ യു.എസ് ഡോളർ എന്നത് 41.5% വർദ്ധനയോടെ 2005-06 ൽ 7.50 ബില്യൻ യു.എസ് ഡോളറായി ഉയർന്നു.



www.reportjunction.com

SANSCO SERVICES - Annual Reports Library Services - www.sansco.net

- **മൂലധനവിപണി**

സാമ്പത്തിക പുരോഗതിയുടെ മാനദണ്ഡമായി പൊതുവേ കണക്കാക്കപ്പെടാറുള്ള ഇക്വിറ്റി മാർക്കറ്റ്, ഇടയ്ക്കിടെയുള്ള തിരുത്തലുകളോടെ ശക്തിയാർജ്ജിച്ചു. BSE സെൻസെക്സ്, 2005 ഏപ്രിലിൽ 6,379 എന്ന ശരാശരിയിൽ നിന്നുയർന്ന് 2006 മാർച്ചിൽ 10,000 എന്ന പരിധി കടന്നു. വിപണിയുടെ താല്പര്യങ്ങളോട് ശുഭപ്രതീക്ഷയോടെ പ്രതികരിക്കാൻ തയ്യാറായ ആഭ്യന്തര മ്യൂച്വൽ ഫണ്ടുകളും വിദേശ ഇൻസ്റ്റിറ്റ്യൂഷണൽ ഇൻവെസ്റ്റേഴ്സും (FIIs) ധനശേഷിയും (ലിക്വിഡിറ്റി) ആണ് ഇക്കൊല്ലം ഓഹരിവിലകൾ കുത്തനെ ഉയരാനുള്ള പ്രധാനകാരണങ്ങൾ.

- **സാമ്പത്തിക പരിഷ്കാരങ്ങൾ**

സാമ്പത്തിക പരിഷ്കരണ പ്രക്രിയ ഈ വർഷവും തുടർന്നതിന്റെ ഫലമായി, ഇന്ത്യൻ വ്യവസായങ്ങൾക്ക് സാങ്കേതിക വിദ്യ കൂടുതലായി ലഭ്യമാക്കിയും, മത്സരങ്ങൾക്ക് കൂടുതൽ അവസരങ്ങൾ പ്രദാനം ചെയ്തും, വികസന-ഗവേഷണങ്ങളിൽ ശ്രദ്ധചെലുത്തിയും, ഉല്പാദനക്ഷമത വർദ്ധിപ്പിക്കാനുള്ള മറ്റു നടപടികൾ മുഖേനയും, കൂടുതൽ ആദായമുണ്ടാക്കാൻ ഉല്പാദനമേഖലക്ക് കഴിഞ്ഞു. ഇന്ത്യയിലെ മൂലധന നിക്ഷേപ-ഉദാരവൽക്കരണ നടപടികളുടെ അനുഭവങ്ങൾ പഠിക്കുന്നതിനും, മൂലധന അക്കൗണ്ടിന്റെ പൂർണ്ണമായ പരിവർത്തന സാധ്യതയ്ക്കുള്ള പദ്ധതി തയ്യാറാക്കുന്നതിനും വേണ്ടി റിസർവ്വ് ബാങ്ക് ഓഫ് ഇന്ത്യ ഒരു കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്.

## 1.3 കേരള സമ്പദ്വ്യവസ്ഥ



*നിഗൂഢ സൗന്ദര്യം- മൂന്നാറിലെ തേയിലത്തോട്ടം*

സംസ്ഥാന സമ്പദ്വ്യവസ്ഥയുടെ യഥാർത്ഥ ജി.ഡി.പി. വളർച്ചാനിരക്ക് തുടർച്ചയായ നാലാം വർഷവും 8% ന് മുകളിലാണ്. ഉല്പാദനമേഖലയിലെ വളർച്ച 2005-06-ൽ 10.2% ആണെന്നു കണക്കാക്കപ്പെടുമ്പോൾ, സേവനമേഖലയിൽ അത് 9.9% ആണ്. കുറഞ്ഞ പ്രതിശീർഷ വരുമാനത്തോടൊപ്പം ഉയർന്ന ജീവിതനിലവാരമുള്ള കേരളത്തിന്റെ വികസനരംഗത്തെ അനുഭവങ്ങൾ ലോകശ്രദ്ധ പിടിച്ചുപറ്റിയിട്ടുണ്ട്. വിവരസാങ്കേതികവിദ്യ, വിനോദസഞ്ചാരം, മെച്ചപ്പെട്ട ആരോഗ്യസംരക്ഷണ സേവനങ്ങൾ, ശാസ്ത്രഗവേഷണം, പരിശീലന സ്ഥാപനങ്ങൾ എന്നീ മേഖലകളിൽ സംസ്ഥാനത്തിന് തീർച്ചയായും നേട്ടമുണ്ടാക്കാൻ കഴിയും. ലോകത്തെ ഒന്നാംകിട വിനോദസഞ്ചാര കേന്ദ്രങ്ങളിലൊന്നാണു കേരളം. മെഡിക്കൽ ടൂറിസം പോലുള്ള നൂതന സംരംഭങ്ങളിലൂടെ വിനോദസഞ്ചാര മേഖലയ്ക്ക് പ്രോത്സാഹനം നൽകാൻ സംസ്ഥാന ഗവൺമെന്റിന് ഉദ്ദേശമുണ്ട്.

1,600 കിലോമീറ്ററോളം ദൈർഘ്യമുള്ള ജലപാതകളുടെയും സഞ്ചാരയോഗ്യമായ തോടുകളുടെയും ശൃംഖല കേരളത്തിലുണ്ട്. വർദ്ധിച്ച ഗതാഗതച്ചെലവും തിരക്കും കണക്കിലെടുക്കുമ്പോൾ ജലപാതകളുടെ പുനരുദ്ധാരണത്തിനു പ്രാധാന്യം കൈവരുന്നു. വിവരസാങ്കേതികവിദ്യാ വിപ്ലവത്തിന്റെ നേട്ടങ്ങൾ വിലയിരുത്തുന്നതിൽ കേരളം പിന്നിലായിപ്പോയി. എങ്കിലും, വിവര വാർത്താവിനിമയ സാങ്കേതികവിദ്യയുടെ മേഖലയിൽ വിപുലമായ സാദ്ധ്യതകളുള്ള സംസ്ഥാനമാണു കേരളമെന്ന് അംഗീകരിക്കപ്പെട്ടതോടെ, അതിനുള്ള പ്രവർത്തനങ്ങൾ സമാരംഭിച്ചുകഴിഞ്ഞു. സ്വകാര്യ- പൊതുമേഖലകളിൽ അടിസ്ഥാന സൗകര്യങ്ങളൊരുക്കുന്നതിന് ഉദ്ദേശം 50,000 കോടി രൂപ മുതൽ മുടക്കു പ്രതീക്ഷിക്കുന്ന കുറേയധികം പദ്ധതികൾ അടുത്ത ഏതാനും വർഷങ്ങൾക്കുള്ളിൽ നടപ്പിൽ വരുമെന്നാണ് പ്രതീക്ഷ. വല്ലാർപാടം ടെർമിനൽ, വിഴിഞ്ഞം തുറമുഖ വികസനം, കൊച്ചി എൽ.എൻ.ജി. ടെർമിനലും തുറമുഖം അടിസ്ഥാനമാക്കിയുള്ള ഒരു സ്പെഷ്യൽ എക്സ്പോർട്ട് സോണും, കൊച്ചി റിഫൈനറീസിന്റെ സിംഗിൾ ബോയ് മൂറിംഗ്, ഒരു പുതിയ പെട്രോ കെമിക്കൽ കോംപ്ലക്സ്, ഗോശ്രീ പാലങ്ങളുടെയും ദ്വീപുകളുടെയും വികസനം, കൊച്ചി മെട്രോ എന്നിവ ഈ പദ്ധതികളിൽ ഉൾപ്പെടും.

സംസ്ഥാനത്തെ കാർഷിക സമ്പദ്വ്യവസ്ഥയെ നിയന്ത്രിക്കുന്നത് ചിരന്തന സസ്യങ്ങളും തോട്ടവിളകളുമാണ്. അവയുടെ വിലകൾ അസ്ഥിരമായ അന്താരാഷ്ട്ര നിലവാരത്തെ ആശ്രയിച്ചിരിക്കുന്നു. കഴിഞ്ഞ രണ്ടുവർഷങ്ങളായി പ്രതീക്ഷയ്ക്കൊത്തുയരാത്ത കാർഷികമേഖല വരും വർഷങ്ങളിൽ നല്ല പ്രകടനം കാഴ്ചവയ്ക്കുമെന്നാണു വിശ്വാസം.



www.reportjunction.com